DESPATCHED
On 05/2/22

27/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1539*(7)/2014*/എസ്.ഐ.സി.**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **8855**/എസ്.ഐ.സി-ജി 6/2014)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. വി.പി.പ്രസാദ്,
വട്ടോടിൽ വീട്,
അയ്യപ്പൻകോവിൽ പി.ഒ.,
മാട്ടുക്കട – 685 507.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം),
കേരള കാർഷിക സർവ്വകലാശാല,
മെയിൻ കാമ്പസ്, വെള്ളാനിക്കര,
തൃശ്ശൂർ – 680 656.

2. അപ്പീൽ അധികാരി&
രജിസ്ട്രാർ,
കേരള കാർഷിക സർവ്വകലാശാല,
മെയിൻ കാമ്പസ്, വെള്ളാനിക്കര,
തൃശ്ശൂർ – 680 656.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 22.11.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 19.12.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 12.01.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 13.03.2014 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 12.06.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 17.06.2014 |
| ഹിയറിംഗ് നടന്ന തീയതി | 10.01.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. വി.പി.പ്രസാദ്, 12.06.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 17.06.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.1539(7)/14/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയില്ലെന്നും അപ്പീൽ അധികാരിയുടെ മേൽവിലാസം നൽകിയില്ലെന്നും ടി വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 22.11.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) ഏലം ഗവേഷണ കേന്ദ്രത്തിൽ കൃഷി ചെയ്തുവരുന്ന ഏലം, കുരുമുളക്, കാപ്പി എന്നീ വിളകളുടെയും നേഴ്സറികളുടെയും നടീൽ, വളർത്തൽ, പരിപാലനം, വിളവെടുപ്പ്, വില്പന എന്നിവയിൽ 01.01.2011 മുതൽ ശാസ്ത്രജ്ഞരുടെ പങ്കെന്താണെന്നും

2) **Plant Breeding, Social Science, plant pathology, Entomology, Extension** എന്നീ വിഭാഗങ്ങളിലുള്ള ശാസ്ത്രജ്ഞർ ടി കേന്ദ്രത്തിനോ സർവ്വകലാശാലയ്ക്കോ, കാർഷിക മേഖലയിലോ നൽകിയിരിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്നും 01.01.2011നു ശേഷം ഇവിടെ ജോലി ചെയ്യുന്ന ശാസ്ത്രജ്ഞർ മേൽപ്പറയുന്നവയിൽ നൽകിയ സംഭാവനകൾ എന്തെല്ലാമാണെന്നും

3) ഏലം ഗവേഷണ കേന്ദ്രത്തിൽ ഫാമിലെ തൊഴിലാളികളുടെ ജോലി കളുടെ മേൽനോട്ടം ഉൾപ്പെടെയുള്ള ദൈനംദിന ജോലികൾ ചെയ്യുന്നത് ഇപ്പോൾ ഏത് വിഭാഗം ജീവനക്കാരാണെന്നും അവർ ആരെല്ലാമെന്നും

4) ഏലം ഗവേഷണ കേന്ദ്രത്തിൽ ഫാം ജീവനക്കാരുടെ ചുമതലകൾ മറ്റു വിഭാഗം ജീവനക്കാരെ കൊണ്ട് നിർവ്വഹിക്കുന്നതു മൂലം അവർ സ്വന്തം പദവിയിൽ നിഷ്ക്കർഷിച്ചിട്ടുള്ള ചുമതലകൾ നിറവേറ്റുന്നുണ്ടോയെന്നും അവർ ആരെല്ലാമെന്നും

5) സർവ്വകലാശാല നിഷ്ക്കർഷിച്ചിട്ടുള്ള യോഗ്യതയുള്ള ഫാം ജീവന ക്കാർ ഏലം ഗവേഷണ കേന്ദ്രത്തിൽ ജോലിയിൽ ഇരിക്കേ അവരുടെ ചുമത ലകൾ മറ്റുള്ളവരെ ഏൽപ്പിക്കാൻ ഉണ്ടായ സാഹചര്യം എന്താണെന്നും തുടങ്ങി 11 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 08.12.2013ന് മറുപടി നൽകിയതായി കാണുന്നു. തുടർന്ന് 19.12.2013ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിലെ 11-ാം ചോദ്യത്തിന് പ്രൊഫസർ കെ.പി.കുരിയാ ക്കോസിന്റെ സ്ഥലമാറ്റ അപേക്ഷ ലീഗൽ സെൽ പരിശോധിച്ചിട്ടില്ലെന്നാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 12.01.2014ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 13.03.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപ്പീൽ ഹർജിയിലെ ചോദ്യം 1 മുതൽ 7വരെ കൂടുതൽ വിവരങ്ങൾ, വിശദീകരണങ്ങൾ എന്നിവ നൽകാനില്ലെന്ന് അറിയിച്ചിട്ടു ണ്ടെന്നും ചോദ്യം 8ന് നൽകിയ മറുപടി ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാ നത്തിലാണെന്നും കൂടുതൽ വിവരങ്ങൾ നൽകാൻ ആവശ്യമായ രേഖകൾ പി.സി.ആർ. ഫാംസിന്റെ പക്കലില്ലെന്നും 28.2.2014ലെ കത്തു പ്രകാരം അറി യിച്ചിട്ടുണ്ടെന്നുമാണ്. ടിയാന്റെ അപേക്ഷയിലെ ചോദ്യം 9ന് ഏലം ഗവേ ഷണ കേന്ദ്രം മേധാവി ഡോ.കെ.പി. കുര്യാക്കോസ് സർവ്വകലാശാലയുടെ അനുമതിയില്ലാതെ പൈനാപ്പിൾ മിഷൻ സ്പെഷ്യൽ ഓഫീസറായി ചുമതല യേറ്റതിന്റെ വിശദീകരണം ടിയാനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും 10-ാം ഇനം സംബന്ധിച്ച് സമർപ്പിച്ച രേഖകളുടെ ആധികാരികത പരിശോധിച്ചതായി കാണുന്നില്ലെന്നും ചോദ്യം 11ന് 19.12.2013ൽ മറുപടി നൽകിയിട്ടുണ്ടെന്നുമാ ണ്.

4. 30.07.2014ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ 22.11.2013ന് അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ കേരള കാർഷിക സർവ്വകലാശാലയിലെ വിവിധ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടതും കേരള കാർഷിക സർവ്വകലാശാലാ ആസ്ഥാനത്ത് നിന്നു മാത്രം ലഭ്യമല്ലാത്തവയുമാണെന്നും ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ കേന്ദ്രങ്ങളിൽ നിന്നും വിവരങ്ങൾ അതാത് എസ്.പി.ഐ.ഒ.മാരിൽ നിന്നും ലഭ്യമാക്കാൻ കാർഷിക സർവ്വകലാശാല നടപടി സ്വീകരിച്ചിരുന്നുവെന്നും ചോദ്യം 1, 2 എന്നിവയ്ക്ക് ഡയറക്ടർ ഓഫ് റിസർച്ച്, 3 മുതൽ 7വരെ പ്രോഫസർ & ഹെഡ്, സി.ആർ.എസ്., പാമ്പാടും പാറ, 8ന് അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് (ഫാംസ്), 9 & 10 എന്നിവയ്ക്ക് ജി.എസി.സെക്ഷൻ, 10 ജിഎ ലീഗൽ സെക്ഷൻ എന്നീ വിവിധ കേന്ദ്രങ്ങളിൽ നിന്നും ബന്ധപ്പെട്ട മേധാവികൾ നൽകിയ വിവരങ്ങൾ ക്രോഡീകരിച്ചാണ് മറുപടി നൽകിയതെന്നുമാണ്. കൂടാതെ ഹർജിക്കാരന്റെ ഏകദേശം 24 ആർ.ടി.ഐ അപേക്ഷകൾ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ലഭിച്ചിട്ടുണ്ടെന്നും ഇപ്രകാരം 13.01.2014ലെ അപേക്ഷ ലഭിച്ചപ്പോൾ അത് അപേക്ഷയായി കരുതി ഡയറക്ടർ ഓഫ് റിസർച്ചിന്റെ സെക്ഷനിലേയ്ക്ക് 21.01.2014ന് കൊടുക്കുകയും പിന്നീട് അപ്പീലാണെന്ന് മനസ്സിലാക്കി രജിസ്ട്രാറുടെ സെക്ഷനിലേയ്ക്ക് 30.01.2014ന് ലഭ്യമാക്കുകയുമാണ് ചെയ്തതെന്നും ഇതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ അപ്പീലിന്മേലുള്ള മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് വിവിധ കേന്ദ്രങ്ങളിലെ മേധാവികൾക്ക് നിർദ്ദേശം നൽകുകയും അപ്രകാരം എസ്.പി.ഐ.ഒ.മാരിൽ നിന്നും ലഭ്യമായ മറുപടികളുടെ അടിസ്ഥാനത്തിലാണ് ഒന്നാം അപ്പീൽ തീർപ്പാക്കിയതെന്നുമാണ്. കൂടാതെ മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ടിയാന്റെ അപേക്ഷ തീർപ്പാക്കുന്നതിൽ 10 ദിവസത്തെ മനഃപ്പൂർവ്വമല്ലാത്ത കാലതാമസം വന്നതിൽ ഖേദിക്കുന്നുവെന്നും സർവ്വകലാശാലയുടെ ടി നടപടി മാപ്പാക്കണമെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ടിയാൻ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ നൽകാതെ വിവരങ്ങൾ നിഷേധിക്കുന്ന

തിനും വൈകിപ്പിക്കുന്നതിനും ബോധപൂർവ്വം താമസം വരുത്തിയ ദിവസങ്ങൾക്ക് വിവരാവകാശ നിയമപ്രകാരം പിഴ ഈടാക്കി നൽകണമെന്നുമാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ആവശ്യപ്പെട്ടിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും 30.07.2014ലെ റിപ്പോർട്ടും പരിശോധിച്ചതിൽ, പ്രസ്തുത റിപ്പോർട്ടിൽ തന്നെ അപ്പീൽ തീർപ്പാക്കുന്നതിന് കാലതാമസം ഉണ്ടായതായി രേഖപ്പെടുത്തിയിട്ടുണ്ടെന്നു കമ്മീഷനു ബോധ്യമാകുന്നു. ആയതിനാൽ പ്രസ്തുത കാലതാമസത്തിനുള്ള വിശദീകരണം അപ്പീൽ അധികാരി ഈ ഉത്തരവ് ലഭിച്ച് 15 ദിവസങ്ങൾക്കകം കമ്മീഷനിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഹർജിക്കാരന്റെ 22.11.2013ലെ അപേക്ഷയിലെ ചോദ്യം 9,10 എന്നിവയ്ക്ക് മറുപടി നൽകിയിരിക്കുന്നത് 13.02.2014നാണ്. മാത്രമല്ല ഹർജിക്കാരന് 18.12.2013ന് കേരള കാർഷിക സർവ്വകലാശാലയിലെ ഏലം ഗവേഷണ കേന്ദ്രം, പാമ്പാടുംപാറയിൽ നിന്നും ചോദ്യം നമ്പർ 3 മുതൽ 7വരെയുള്ളവയ്ക്ക് വ്യക്തമായ മറുപടി നൽകിയിട്ടില്ലെന്നും കാണുന്നു. ഇപ്രകാരം സമയത്തിനുള്ളിൽ വിവരം നൽകാതിരിക്കുകയും, അപൂർണ്ണമായ വിവരം നൽകിയതും വിവരാവകാശ നിയമപ്രകാരം ഗുരുതരമാകയാൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി പ്രഥമ ദൃഷ്ട്യാ കുറ്റക്കാരനാണെന്നു കാണുന്നു. ആകയാൽ ടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

കൂടാതെ ഹർജിക്കാരന് രണ്ടാഴ്ചയ്ക്കകം വ്യക്തമായ മറുപടി നൽകണമെന്നും പ്രസ്തുത വിവരം രേഖപ്പെടുത്തിയ റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിക്കണമെന്നും ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ജനുവരി 27–ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★